**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 451** — **23-07-2021 - ൽ മറുപടിയ്ക്ക്**

**കാഷ്വൽ സ്വീപ്പറുടെ വേതന കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ചെങ്ങന്നൂർ സോഷ്യൽ ഫോറസ്റ്റി റെയിഞ്ച് ഓഫീസിൽ 05.01.2016 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി പി. ബിന്ദുവിന്റെ 2020-21 സാമ്പത്തിക വർഷത്തെ 10 മാസത്തെയും തുടർന്നുള്ള 2 മാസത്തെയും വേതന തുക കുടിശ്ശിക ആകാനുള്ള കാരണം എന്തെന്ന് അറിയിക്കാമോ; | (എ) | ആലപ്പുഴ സോഷ്യൽ ഫോറസ്റ്റി ഡിവിഷനിൽ ദിവസ വേതന തൊഴിലാളികൾക്ക് വേതനം നൽകിവരുന്ന 2406-01-102-98-00-02-04 എന്ന ശീർഷകത്തിൽ 2020-2021-ൽ ഫണ്ട് ലഭ്യമല്ലാതിരുന്നതിനാലാണ് കാഷ്വൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി.ബിന്ദു.പി-യുടെ 06/2020 മുതൽ 03/2021 വരെയുള്ള 10 മാസത്തെ വേതനം കുടിശ്ശികയായത്. ഇതിൽ 06/2020-ലെ|ഒരു മാസത്തെ ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ 2021-2022 വർഷത്തിൽ 04/2021, 05/2021 എന്നീ രണ്ടു മാസത്തെ വേതനം കൂടി കുടിശ്ശികയുണ്ട്. |
| (ബി) | ഈ വേതന കുടിശ്ശിക ലഭ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ? | (ബി) | 2406-01-102-98-00-02-04 എന്ന ശീർഷകത്തിൽ അധിക ഫണ്ട് ലഭ്യമാക്കുവാനും അല്ലെങ്കിൽ മറ്റേതെങ്കിലും ശീർഷകത്തിൽ ടി വേതന കുടിശ്ശിക തീർക്കുന്നതിന് ഫണ്ട് ലഭ്യമാക്കുവാനും ആലപ്പുഴ, ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്റ്റി) മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. ആയതു ലഭ്യമാകുന്ന മുറയ്ക്ക് മേൽ കുടിശ്ശിക അനുവദിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ